# ദൈവസ്വഭാവമുള്ളവരാകുവീൻ

1 പത്രോസ് 3:8

"തീർച്ചെക്കു എല്ലാവരും ഐക്യമത്യവും, സഹതാപവും, സഹോദരപ്രീതിയും, മനസ്സലിവും, വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ."

ഒരു ദൈവപൈതലിന് അത്യാവശ്യമായി ഉണ്ടായിരിക്കേണ്ടതായ അഞ്ചു സ്വഭാവ ഗുണങ്ങളെയാണ് മേൽപറഞ്ഞ വാക്യത്തിൽ നാം കണ്ടത്. ഈ സ്വഭാവ ഗുണങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വെളിപ്പെട്ടു വരുവാൻ ദൈവം ആഗ്രഹിക്കുന്നു. ഇത് ഒരുവനെ ആത്മീക അഭിവൃദ്ധിയിലേക്കും അനുഗ്രഹങ്ങളിലേക്കും നയിക്കുന്നു.

എന്നാൽ നാം നമ്മെ തന്നെ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു ശോധന ചെയ്തു നോക്കാൻ തയ്യാറാകണം. നമ്മുടെ അനുദിന ജീവിതത്തിന്റെ എല്ലാ ഇടപെടലുകളിലും ഈ സവിശേഷ സ്വഭാവ ഗുണങ്ങൾ കാണിക്കാൻ കഴിയുന്നുണ്ടോ എന്ന് നാം നമ്മോടു തന്നെ ചോദിച്ചു നോക്കണം. ലോകപ്രകാരം ചിന്തിക്കുമ്പോൾ വളരെ പ്രയാസമേറിയതും എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സാധ്യവുമായ ഒരു ജീവിത ക്രമമാണ് ഇത് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അപ്പോൾ ഒരു ദൈവപൈതൽ തന്റെ ജീവിതത്തിൽ ഈ സ്വഭാവം പ്രകടമാക്കണമെന്ന് നമ്മുടെ പിതാവായ ദൈവം ആഗ്രഹിക്കുന്നു. ഈ ഗുണങ്ങളിൽ വച്ച് ഏറ്റവും പ്രധാനമായ ഒന്നാണ് വിനയബുദ്ധി അഥവാ സൗമ്യത. മത്തായി 11:29 ൽ ഇപ്രകാരം പറയുന്നു "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ."

വിനയം എന്നു പറയുന്നത് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ മുഖമുദ്രയാണ്. അപ്പോൾ അവന്റെ മക്കളായ നാമും അതുപോലെ ആയിരിക്കണം. സദൃ.വാക്യങ്ങൾ 29:23 ൽ പറയുന്നു "മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും, മനോവിനയമുള്ളവനോ മാനം പ്രാപിക്കും." നാം എപ്രകാരം ഉള്ളവരാണ് എന്ന് വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെ തന്നെ ശോധന ചെയ്തു നോക്കാം. ദൈവം താഴ്മയുള്ളവരോട് കൂടെ വസിക്കുന്നു എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സ്വാർഥതയെ മാറ്റാൻ വിനയത്തിന് മാത്രമേ കഴിയൂ. വിനയമുള്ള വ്യക്തിക്ക് എപ്പോഴും ദൈവീക സമാധാനവും സന്തോഷവും അനുഭവിക്കാൻ കഴിയും. നാം വിനയമുള്ളവരായിരിക്കുമ്പോൾ ദൈവശക്തി നമ്മിൽ വെളിപ്പെടും. നമ്മിലൂടെ ദൈവനാമം

മഹത്വപ്പെടുവാനും ഇടയാകും. യഹോവയുടെ കോപദിവസത്തിൽ വിനയവും സൗമ്യതയുമുള്ളവർക്ക് മറഞ്ഞിരിക്കാൻ സാധിക്കും എന്ന് വചനം നമ്മോട് പറയുന്നു.

ആയതിനാൽ താഴ്മയും വിനയവും ഒരു പരാജയമല്ല. മറിച്ച് ദൈവീകസ്വഭാവമാണ്. അവന്റെ ബലമുള്ള ഭുജത്തിൻ കീഴിലാണ് നാം താണിരിക്കേണ്ടത്. ഈ സ്വഭാവങ്ങൾ നമുക്ക് ഉണ്ടാവുമ്പോൾ നാം ഒരു ഇടർച്ചയ്ക്ക് കാരണമാവില്ല. അതു കൊണ്ട് വിനയമുള്ളവരായി ഐക്യമത്യപ്പെട്ട് സഹോദരപ്രീതിയും മനസ്സലിവും സഹതാപവുമുള്ളവരായി ജീവിക്കുവാനുള്ള കൃപയ്ക്കായി യാചിക്കാം. പരിശുദ്ധാത്മ സഹായം തേടാം.

പരാമർശം :

സദൃ. വാക്യങ്ങൾ 16:19

ഗർവ്വികളോടുകൂടെ കവർച്ച പങ്കിടുന്നതിനേക്കാൾ താഴ്മയുള്ളവരോട് കൂടെ താഴ്മയുള്ളവനായിരിക്കുന്നത് നല്ലത്.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 069